# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല
# കോഓർഡിനേഷൻ സമിതി

**05.06.2013-ൽ കൂടിയ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗ നടപടിക്കുറിപ്പ്**

യോഗം രാവിലെ 8 മണിക്ക് സെക്രട്ടേറിയറ്റ് നോർത്ത് കമ്മിറ്റി ഹാളിൽ ബഹു. പഞ്ചായത്തു വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു.

1. സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 31.05.2013-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

**2. പൊതുവിഷയങ്ങൾ**

2.1 2013-14 വാർഷിക പദ്ധതിയിൽ സംസ്ഥാനത്ത് ഇതുവരെ 1201 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി 119805 പ്രോജക്ടുകളുടെ ഡാറ്റാഎൻട്രി നടത്തിയിട്ടുള്ളതായി യോഗം വിലയിരുത്തി. ഇവയുടെ മൊത്തം അടങ്കൽ തുക 6019 കോടി രൂപയാണ്. 866 തദ്ദേശഭരണ സ്ഥാപനങ്ങളിലെ 29525 പ്രോജക്ടുകളുടെ വെറ്റിംഗ് പൂർത്തിയായിക്കഴിഞ്ഞു. ഇവയുടെ മൊത്തം അടങ്കൽ 1629 കോടി രൂപയാണ്. 23567 പ്രോജക്ടുകൾ വെറ്റിംഗ് ഓഫീസർമാരുടെ പരിശോധനയിൽ ഇരിക്കുന്നതേയുള്ളൂ എന്നും വിലയിരുത്തുകയുണ്ടായി. വെറ്റിംഗ് നടപടികൾ ഊർജ്ജിതമാക്കാൻ യോഗം ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകി. എസ്.റ്റി. കുടുംബങ്ങളില്ലാത്ത ചില പഞ്ചായത്തുകൾക്ക് എസ്.റ്റി. ഫണ്ട് വകയിരുത്തിയിരിക്കുന്നതായും ചില പഞ്ചായത്തുകളിൽ അർഹതപ്പെട്ടതിനെക്കാൾ കൂടുതൽ എസ്.സി.പി. ഫണ്ട് കിട്ടിയിരിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടു. അങ്ങനെയുള്ള പഞ്ചായത്തുകൾക്ക് പ്രസ്തുത തുകകൾ സർക്കാരിലേയ്ക്ക് പ്രോജക്ട് വച്ച് തിരിച്ചടയ്ക്കുന്നതിന് കോഡ് നൽകാൻ തീരുമാനിച്ചു. ഫണ്ട് തിരിച്ചടവ് ബന്ധപ്പെട്ട എസ്.സി/എസ്.റ്റി ജില്ലാ വികസന ഓഫീസറുടെ അനുമതിയോടെ മാത്രമേ പാടുള്ളൂ എന്നും തീരുമാനിച്ചു.

സൂക്ഷ്മ മേഖലാ കോഡുകൾ അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പല സ്ഥാപനങ്ങളും നിവേദനങ്ങൾ സമർപ്പിച്ചിരിക്കുന്നത് കമ്മിറ്റി പരിഗണിച്ചു. എല്ലാ സ്ഥാപനങ്ങൾക്കും നിർദ്ദേശങ്ങൾ സമർപ്പിക്കാൻ അവസരം നൽകിയ ശേഷമാണ് നിലവിലുള്ള കോഡുകൾക്ക് അന്തിമരൂപം നൽകിയത്. കോഡ് നൽകുന്നത് അഭംഗുരം തുടർന്നാൽ അത് സോഫ്ട് വെയറിൽ മാറ്റം വരുത്താൻ കാലതാമസ മുണ്ടാക്കുമെന്നതിനാൽ ഇന്നുവരെ ലഭിച്ചിട്ടുള്ള നിർദ്ദേശങ്ങൾ പരിഗണിച്ച് ആവശ്യമുള്ളവയ്ക്ക് കോഡ് നൽകാനും അതിന് ശേഷം പുതിയ കോഡുകൾ അനുവദിക്കേണ്ടതില്ലെന്നും തീരുമാനിച്ചു.

**3. പ്രത്യേക വിഷയങ്ങൾ**

**3.1 കാസറഗോഡ് ജില്ലാ പഞ്ചായത്ത് (ഫയൽ നം.17341/എഫ്.എം.1/13/തസ്വഭവ) തീയതി.05.06.2013**

ഈ വർഷം തന്നെ പ്രോജക്ട് പൂർത്തിയാക്കണം എന്ന വ്യവസ്ഥയിൽ ജില്ലാ പഞ്ചായത്തിന്റെ ആവശ്യം അംഗീകരിക്കാൻ തീരുമാനിച്ചു. ഇനി മേലിൽ ഇതുമായി ബന്ധപ്പെട്ട് സർക്കാരിനെ സമീപിക്കരുത് എന്നും നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 റ്റി.എസ്.പി. ഫണ്ട് വിനിയോഗം - കോട്ടയം ജില്ലാ കളക്ടറുടെ കത്ത്**

**(ഫയൽ നം.62771/ഡി.എ2/12/തസ്വഭവ)) തീയതി.05.06.2013**

റ്റി.എസ്.പി. വിഹിതം ഫണ്ട് വിനിയോഗത്തിൽ മലയോര മേഖലയിലെ ഹെഡ്‌ലോഡ് വർക്കുകൾക്ക ഷെഡ്യൂൾ ഓഫ് റേറ്റ് നിലവിലുള്ളതാണെന്ന് യോഗം നിരീക്ഷിച്ചു. ഇതു സംബന്ധിച്ച് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് ലഭ്യമാക്കണമെന്നും തീരുമാനിച്ചു.

മേലുകാവ് ഗ്രാമപഞ്ചായത്തിൽ നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിന് റ്റി.എസ്.പി. ഫണ്ട് ഉപയോഗിച്ച് സ്വന്തം കെട്ടിടം നിർമ്മിക്കാൻ അനുമതി നൽകി തീരുമാനിച്ചു. മറ്റ് ആവശ്യങ്ങളെ സംബന്ധിച്ച് നിലവിലുള്ള സ്ഥിതി തുടരാൻ തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 സാമൂഹ്യനീതി ഡയറക്ടറുടെ കത്ത് – സുനാമി പുനരധിവാസം തീയതി.05.06.2013**

സുനാമി പുനരധിവാസ പദ്ധതിയിൽ അനുമതി ലഭിച്ചവയിൽ ഇനിയും പൂർത്തിയാകാത്ത 31 അംഗനവാടികളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് അവ റിസ്ക് & കോസ്റ്റിൽ ടെർമിനേറ്റ് ചെയ്ത് നിലവിലെ നിരക്കിലുള്ള എസ്റ്റിമേറ്റ് എടുത്ത് ടെണ്ടർ ചെയ്യാനും, പ്രവൃത്തികൾ എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിംഗിന്റെ മേൽനോട്ടത്തിൽ പൂർത്തിയാക്കാനും നിർദ്ദേശിച്ച് തീരുമാനിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസനഫണ്ട് വിഹിതത്തിൽ അധികരിക്കാതെ നിർമ്മാണം ഏറ്റെടുക്കേണ്ടതാണെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 സാമൂഹ്യനീതി ഡയറക്ടറുടെ കത്ത് – അട്ടപ്പാടി ഐ.സി.ഡി.എസ്. (തീയതി.05.06.2013)**

അട്ടപ്പാടി ഐ.സി.ഡി.എസ്. പദ്ധതി മേഖലയിൽ നടപ്പാക്കുന്ന അധിക ഭക്ഷണ വിതരണ പരിപാടിയുടെ ചെലവുകൾക്കായി തനതു ഫണ്ടിൽ നിന്നോ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നോ ഒരു മാസത്തെ ചെലവിനു തുല്യമായ തുക മുൻകൂർ നൽകുന്നതിനും അതിനുശേഷം പദ്ധതി തുകയിൽ നിന്ന് പിൻവലിച്ച് തനത് ഫണ്ടിലേയ്ക്ക് അടച്ച് ക്രമപ്പെടുത്തുന്നതിനും അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 പള്ളിക്കര ഗ്രാമപഞ്ചായത്ത് (തീയതി.06 05.2013)**

ഭവന പദ്ധതി നടപ്പാക്കുന്നതിന് മുൻകൂർ അനുമതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ വകുപ്പുതലത്തിൽ പരിശോധിച്ച് തീരുമാനമെടുക്കാൻ നിശ്ചയിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 കൊല്ലം ജില്ലാ പഞ്ചായത്ത് (ഫയൽ നം.27990/ഡി.ബി.3/13/തസ്വഭവ)**

**തീയതി.05.06.2013**

ജില്ലാ പഞ്ചായത്ത് ആവശ്യപ്പെട്ട പ്രോജക്ടുകൾക്ക് തത്വത്തിൽ അംഗീകാരം നൽകുകയും വാലിഡേഷൻ അനുവദിക്കാൻ നിർദ്ദേശിക്കുകയും, എന്നാൽ ബിൽ തുക നൽകുന്നത് പെർഫോർമൻസ് ഓഡിറ്റിന്റെ പരിശോധനക്കുശേഷം മതിയാകുമെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**(യോഗം 9.30 – ന് അവസാനിച്ചു)**